## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.692** **05.06.2018 ൽ മറുപടിയ്ക്ക്**

### അക്ഷയ ഊർജ്ജസേവനകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) നിയോജകമണ്ഡലങ്ങൾ തോറും അക്ഷയ ഊർജ്ജസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) നിലവിൽ പൊതുജനങ്ങൾക്കായാലും വിവിധ സ്ഥാപനങ്ങൾക്കായാലും അവർക്ക് അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും അറ്റകുറ്റപണികൾക്കും ആവശ്യമായ സഹായം വളരെ പരിമിതമായതിനാൽ അത് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാനത്ത് ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന കണക്കിന് സ്വകാര്യ സംരംഭങ്ങളുടെ സഹായത്തോടെ 140 അക്ഷയ ഊർജ്ജസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചത്. |
| (ബി) പ്രസ്തുത അക്ഷയ ഊർജ്ജസേവന കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; കൊല്ലം ജില്ലയിൽ നിശ്ചയിക്കപ്പെട്ട സേവന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | (ബി) അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ ജൂൺ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. കൊല്ലം ജില്ലയിൽ 11 അസംബ്ലി നിയോജക മണ്ഡലങ്ങൾക്ക് കൂടി ആകെ 191 അപേക്ഷയാണ് ലഭിച്ചത്. പ്രാഥമിക തിരഞ്ഞെടുപ്പ് നടപടികൾക്ക് ശേഷം ഇപ്പോൾ നിലവിൽ 88 പേരാണ് ലിസ്റ്റിൽ ഉള്ളത്. ജൂൺ രണ്ടാം വാരത്തോടുകൂടി ഫീൽഡ് ലെവൽ പരിശോധനയുടെ അടിസ്ഥാനത്തിൽ സംരംഭകരുടെ തെരെഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**